## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2600

12.03.2018-ന് മറുപടിയ്ക്ക്

# തലശ്ശേരി മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ? | 1) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 വർഷത്തിൽ, മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്ത ചിറക്കര ഗവ.എച്ച്.എസ്.എസിന് ഭരണാനുമതിയും കിഫ്ബി ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ 'കൈറ്റി'ന്റെ നേതൃത്വത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>2) കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനായി കതിരൂർ ജി.വി.എച്ച്.എസ്.എസിന് ഭരണാനുമതിയും കിഫ്ബി ധനസഹായവും |

ലഭ്യമാക്കിയിട്ടുണ്ട്.
അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗവ.യു.പി.എസ്. തലശ്ശേരിയെ തെരഞ്ഞെടുക്കുകയും അപ്രകാരം ഒരുകോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിലെ 34 സ്കൂളുകളിലെ 306 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ആദ്യഘട്ടമായി 128 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ